REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-11-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം രാജ്യത്തെ എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങൾക്കും പ്രചോദനം പകരുന്നുവെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ.
- കിഫ്ബി രജതജൂബിലി ആഘോഷം വൈകിട്ട് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- കേരളത്തിൽ ഫിഷറീസ് രംഗത്ത് വലിയ വികസന പ്രവർത്തനങ്ങൾ നടക്കുന്നതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.
- തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പിന് മട്ടന്നൂരിൽ ഒഴികെ വോട്ടർപട്ടികയിൽ ഇന്നും നാളെയും കൂടി പേര് ചേർക്കാം.
- ബിഹാറിൽ ഒന്നാം ഘട്ട നിയമസഭ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും.

## വാർത്തകൾ വിശദമായി

ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം രാജ്യത്തെ എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങൾക്കും പ്രചോദനം പകരുന്നുവെന്ന് ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ പറഞ്ഞു. ശ്രീചിത്ര ഇൻസ്റ്റിട്യൂട്ട് വികസിപ്പിച്ച സാങ്കേതിക വിദ്യകളും മെഡിക്കൽ രംഗത്തെ ഗവേഷണ പുരോഗതികളും വ്യക്തമാക്കുന്ന പ്രദർശനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി.

ശ്രീചിത്രയിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് കേന്ദ്രം എല്ലാ പിന്തുണയും നൽകുമെന്നും ഉപരാഷ്ട്രപതി അറിയിച്ചു. മെഡിക്കൽ ഉപകരണങ്ങളുടെയും, സാങ്കേതിക വിദ്യകളുടെയും ഉപയോഗം ഉപരാഷ്ട്രപതി ചോദിച്ചറിഞ്ഞു.

ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി, മന്ത്രി KN ബാലഗോപാൽ തുടങ്ങിയവർ ഉപരാഷ്ട്രപതിയോടൊപ്പമുണ്ടായിരുന്നു.

സ്വയം പര്യാപ്തതയിലൂന്നി ജനക്ഷേമത്തിനായി നിരന്തരം പ്രവർത്തിക്കുന്ന സ്ഥാപനമാണ് ശ്രീചിത്ര ഇൻസ്റ്റിട്യൂട്ടെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ പറഞ്ഞു. ചികിത്സാ ചിലവുകൾ കുറയ്ക്കുന്നതിൽ നിർണായക സംഭാവനകളാണ് ശ്രീചിത്ര നൽകിയതെന്നും അദ്ദേഹം അറിയിച്ചു.

സന്ദർശനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. രാവിലെ ആരംഭിച്ച ഗതാഗത നിയന്ത്രണം വൈകിട്ട് അഞ്ചര തുടരും.

✪✪✪

കേരള ഇൻഫ്രാ സ്ട്രക്ചർ ഇൻവസ്റ്റ്മെന്റ് ഫണ്ട് ബോർഡ്-കിഫ്ബിയുടെ രജതജൂബിലി ആഘോഷം വൈകിട്ട് കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കിഫ്ബി സ്മരണികയും മലയാളം മാസികയും, BOT സോഫ്റ്റ്വെയറും മുഖ്യമന്ത്രി പ്രകാശനം ചെയ്യും.

✪✪✪

കേരളത്തിൽ ഫിഷറീസ് രംഗത്ത് വലിയ വികസന പ്രവർത്തനങ്ങൾ നടക്കുന്നതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. കോഴിക്കോട് ന്യൂസെൻട്രൽ മാർക്കറ്റ് പ്രവൃത്തി ഉദ്ഘാടനം ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്ര സഹമന്ത്രി. ഫിഷ് ലാന്റിംഗ് സെന്ററുകളുടേയും മാർക്കറ്റുകളുടേയും വികസനത്തിൽ കേരളം മുന്നിലാണ്. PMSSY പദ്ധതിയിൽ 1,347 കോടി 50 ലക്ഷം രൂപയാണ് സംസ്ഥാനത്ത് ചെലവഴിക്കുന്നതെന്ന് ജോർജ് കുര്യൻ അറിയിച്ചു.

മന്ത്രി സജി ചെറിയാൻ അധ്യക്ഷനായിരുന്നു. മത്സ്യ തൊഴിലാളികളുടെ ക്ഷേമത്തോടൊപ്പം അടിസ്ഥാന സൗകര്യവികസനത്തിന് തുടക്കം കുറിച്ചെന്ന് മന്ത്രി പറഞ്ഞു. 57

മാർക്കറ്റുകൾ കിഫ്ബി സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിച്ചതായി സജി ചെറിയാൻ അറിയിച്ചു.

✪✪✪

കേന്ദ്രസഹമന്ത്രി ജിതിൻ പ്രസാദ ബുക്കാറസ്റ്റിൽ റൊമാനിയൻ മന്ത്രി ഓണ സിൽവിയ ടോയിയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ - യൂറോപ്യൻ യൂണിയൻ സാമ്പത്തിക ചട്ടക്കൂടിനുള്ളിൽ നിന്ന് വ്യാപാര വികസനം, നിക്ഷേപമാകർഷിക്കൽ, പ്രതിരോധ വിതരണ ശൃംഖല ശക്തിപ്പെടുത്തുക എന്നിവ കേന്ദ്രീകരിച്ച് ഇരുവരും ചർച്ച നടത്തി.

✪✪✪

തീവ്ര വോട്ടർപ്പട്ടികാ പരിഷ്ക്കരണത്തിന് റസിഡന്റ്സ് അസോസിയേഷനുകളുടെ പിന്തുണ തേടി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U ഖേൽക്കർ സർക്കുലർ പുറപ്പെടുവിച്ചു. ഓരോ വീട്ടുകാരും, അവരുടെ കുടുംബങ്ങളുമുൾപ്പെടെ അർഹരായ ഓരോരുത്തരെയും വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നതിൽ റസിഡന്റ്സ് അസോസിയേഷനുകൾക്ക് നിർണായക പങ്കുണ്ടെന്ന് സർക്കുലറിൽ വ്യക്തമാക്കുന്നു. എന്യൂമറേഷൻ ഫോം വിതരണവുമായി ബന്ധപ്പെട്ട് ബൂത്ത് ലെവൽ ഓഫീസർമാർക്ക് അസോസിയേഷനുകൾ പൂർണ പിന്തുണ നൽകണമെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അഭ്യർത്ഥിച്ചു.

✪✪✪

കേരളമടക്കം ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലും തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ ഭാഗമായ വിവരശേഖണത്തിന് തുടക്കമായി. BLO-മാർ വീടുകൾ കയറി 51 കോടി വോട്ടർമാരുടെ വിവരങ്ങളാണ് ഈ ഘട്ടത്തിൽ ശേഖരിക്കുന്നത്. ഡിസംബർ നാല് വരെയാണ് വിവര ശേഖരണം. തുടർന്ന് ഡിസംബർ ഒൻപതിന് കരട് വോട്ടർ പട്ടിക പുറത്തിറക്കും. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ അടുത്ത വർഷം ഫെബ്രുവരി ഏഴിന് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നതോടെ രണ്ടാം ഘട്ട തീവ്ര വോട്ടർ പട്ടിക പരിഷ്കരണം അവസാനിക്കും.

രണ്ടാം ഘട്ടത്തിൽ കേരളത്തിനു പുറമെ തമിഴ്നാട്, രാജസ്ഥാൻ, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ, ഛത്തീസ്ഗഢ്, ഗോവ, ഗുജറാത്ത്, മധ്യപ്രദേശ്, ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ, പുതുച്ചേരി എന്നിവിടങ്ങളിലാണ് വോട്ടർ പട്ടിക പരിഷ്കരിക്കുന്നത്. ഇതിൽ കേരളം,

തമിഴ്നാട്, പശ്ചിമബംഗാൾ, പുതുച്ചേരി എന്നിവിടങ്ങളിൽ അടുത്ത വർഷമാണ് നിയമസഭാ തിരഞ്ഞെടുപ്പ്.

✪✪✪

സംസ്ഥാനത്തെ മട്ടന്നൂർ ഒഴികെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പിന് വോട്ടർപട്ടികയിൽ ഇന്നും നാളെയും കൂടി പേര് ചേർക്കാം. അനർഹരെ ഒഴിവാക്കാനും നിലവിലെ വിവരങ്ങൾ ഭേദഗതി ചെയ്യാനും മറ്റൊരു വാർഡിലേക്കോ തദ്ദേശ സ്ഥാപനത്തിലേക്കോ മാറ്റം വരുത്താനും അപേക്ഷിക്കാം.

പ്രവാസികൾക്കും പേര് ചേർക്കാം. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർനടപടി സ്വീകരിച്ച് സപ്ലിമെന്ററി പട്ടികകൾ 14ന് പ്രസിദ്ധീകരിക്കും.

✪✪✪

ആശമാരുടെ ഓണറേറിയം 1000 രൂപ വർദ്ധിപ്പിച്ച് സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കി. നിലവിലെ 7000 രൂപ 8000 രൂപയായാണ് വർദ്ധിപ്പിച്ചത്. നവംബർ ഒന്നുമുതലാണ് പ്രാബല്യം.

✪✪✪

എട്ടാം കേന്ദ്ര ശമ്പള കമ്മീഷൻ കേന്ദ്രഗവൺമെന്റ് വിജ്ഞാപനം ചെയ്തു. 18 മാസമാണ് കാലാവധി. ഇതനുസരിച്ച് 2027 മെയ് 3നകം കമ്മീഷൻ റിപ്പോർട്ട് നൽകണം.

✪✪✪

വടകര ഓർക്കാട്ടേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കിടത്തിചികിത്സ ആരംഭിക്കുന്നത് പരിഗണിക്കുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. ആറ് കോടി ആറ് ലക്ഷം രൂപ ചെലവിട്ട് പൂർത്തീകരിച്ച ഓർക്കാട്ടേരി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

നിലവിൽ ഏഴ് ഡോക്ടർമാരുടെ സേവനം ലഭിക്കുന്ന ആശുപത്രിയിൽ ഒരു ഡോക്ടറെ കൂടി ലഭ്യമായാൽ അടുത്ത ദിവസങ്ങളിൽ തന്നെ കിടത്തിചികിത്സ സാധ്യമാകുമെന്നും അതിന് നിർദേശം നൽകിയതായും വീണാ ജോർജ്ജ് അറിയിച്ചു. ചടങ്ങിൽ KK രമ MLA അധ്യക്ഷയായിരുന്നു.

✪✪✪

പാലക്കാട് ജില്ലയിലെ പാലക്കുഴി മിനി ജലവൈദ്യുത പദ്ധതി മന്ത്രി K കൃഷ്ണൻകുട്ടി നാടിന് സമർപ്പിച്ചു. 15 കോടി ഒൻപത് ലക്ഷം രൂപ ചെലവിൽ പൂർത്തിയാക്കിയ ഈ പദ്ധതി തദ്ദേശ ഭരണ സ്ഥാപനം സ്വന്തം നിലയിൽ ഏറ്റെടുത്ത് നടപ്പാക്കിയ രാജ്യത്തെ രണ്ടാമത്തെ ജലവൈദ്യുത പദ്ധതിയാണെന്ന് മന്ത്രി അറിയിച്ചു.

ജില്ലാപഞ്ചായത്തിനു കീഴിലെ പാലക്കാട് സ്മോൾ ഹൈഡ്രോ കമ്പനിയാണ് ഒരു മെഗാവാട്ട് ശേഷിയോടു കൂടിയ പദ്ധതി പൂർത്തീകരിച്ചത്.

✪✪✪

സാധാരണക്കാരുടെ ഗവൺമെന്റാണ് കേരളം ഭരിക്കുന്നതെന്ന് മന്ത്രി V അബ്ദുറഹ്മാൻ പറഞ്ഞു. ഏത് പദ്ധതി നടപ്പാക്കുമ്പോഴും സമൂഹത്തിലെ താഴേതട്ടുകാരെയാണ് ഗവൺമെന്റ് കാണുന്നതെന്ന് മലപ്പുറം നഗസരഭാ വികസന സദസ്സ് ഉദ്ഘാടനം ചെയ്ത് മന്ത്രി പറഞ്ഞു.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഒരു ലക്ഷം കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനമാണ് സംസ്ഥാനത്ത് നടത്തിയതെന്നും മന്ത്രി അറിയിച്ചു.

✪✪✪

ബിഹാറിൽ ഒന്നാം ഘട്ട നിയമസഭ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. കേന്ദ്രമന്ത്രിയും മുതിർന്ന BJP നേതാവുമായ രാജ്നാഥ് സിങ് ഇന്ന് തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. ആർ.ജെ.ഡി നേതാവ് തേജസ്വി യാദവ് ഇന്നലെ വിവിധ ഇടങ്ങളിൽ പ്രചാരണം നടത്തി.

സംസ്ഥാനത്തെ 121 മണ്ഡലങ്ങളിൽ, മറ്റന്നാളാണ് ഒന്നാംഘട്ട വോട്ടെടുപ്പ്.

രണ്ടാംഘട്ട വോട്ടെടുപ്പ് ഈ മാസം 11 നും, വോട്ടെണ്ണൽ 14 നുമാണ്.

✪✪✪

കൗമാരക്കാർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി 'റിഥം' സമഗ്ര മാനസികാരോഗ്യ, വ്യക്തിത്വ വികസന പദ്ധതി കാസർഗോഡ് ജില്ലയിൽ നടപ്പാക്കുന്നു. ലഹരി ഉൾപ്പെടെ ആസക്തികളിൽനിന്ന് വിദ്യാർത്ഥികളെ മുക്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

കാസർകോട്ട് നിന്നും P ജഗന്നിവാസൻ.

....................(വോയ്സ്)...........

✪✪✪

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാക്കാവുന്ന വിധത്തിൽ കാസർഗോഡ് ജില്ലയിലെ പിലിക്കോട് ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ സമഗ്ര വികസന രേഖ ഇന്ന് പ്രകാശനം ചെയ്യും. 'കുതിപ്പ് വിഷൻ 2040' രേഖ വൈകീട്ട് കാലിക്കാവിൽ മന്ത്രി എം ബി രാജേഷ് ആണ് പ്രകാശനം ചെയ്യുന്നത്.

✪✪✪

ഇന്ത്യൻ വനിതാ ലീഗ് ഫുട്ബോൾ രണ്ട് ഘട്ടങ്ങളിലായി നടത്തുമെന്ന് ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ അറിയിച്ചു. ഡിസംബർ 20 മുതൽ അടുത്ത വർഷം ജനുവരി 06 വരെയാണ് ആദ്യഘട്ടം. രണ്ടാംഘട്ടം ഏപ്രിൽ 20ന് ആരംഭിച്ച് അടുത്ത വർഷം മെയ് 10ന് അവസാനിക്കും.

✪✪✪

മാലിന്യം മുതൽ സ്വർണം വരെ എന്തിലും അഴിമതി സാധ്യത കണ്ടെത്താൻ മത്സരിക്കുകയാണ് പിണറായി ഗവണ്മെന്റെന്ന് മുൻ കേന്ദ്രമന്ത്രി V.മുരളീധരൻ ആരോപിച്ചു. BJP എറണാകുളം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച സുസ്ഥിര വികസന യാത്രയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. CPIM സ്പോൺസർമാർ നാട് മുടിക്കുന്ന കാഴ്ചയാണ് സംസ്ഥാനത്തെന്നും V മുരളീധരൻ കുറ്റപ്പെടുത്തി.

✪✪✪

സർദാർ@150 ഏകതാ പദയാത്രയുടെ ഭാഗമായി പാലക്കാട് ലോക്സഭാ മണ്ഡലത്തിൽ പദയാത്ര സംഘടിപ്പിച്ചു. കോട്ട മൈതാനത്ത് നിന്ന് ആരംഭിച്ച യാത്ര വി. കെ ശ്രീകണ്ഠൻ എം.പി ഫ്ലാഗ് ഓഫ് ചെയ്തു. NSS, NCC വിദ്യാർത്ഥികളും യുവജന ക്ലബ്ബ് പ്രതിനിധികളും യാത്രയിൽ അണിചേർന്നു.

✪✪✪

വിയ്യൂർ സെൻട്രൽ ജയിലിലെ തടവുകാരനായ ബാലമുരുകൻ പോലീസ് കസ്റ്റഡിയിൽനിന്ന് രക്ഷപ്പെട്ടു. തിങ്കളാഴ്ച രാത്രിയായിരുന്നു സംഭവം.

തമിഴ്നാട് പോലീസ് ബാലമുരുകനെ ജയിലിൽ എത്തിക്കുന്നതിനിടെയാണ് ഇയാൾ രക്ഷപ്പെട്ടത്.

ബാലമുരുകന്റെ ചെരുപ്പ് ജയിൽ വളപ്പിൽ നിന്ന് കണ്ടെത്തി. വിയ്യൂർ ജയിലിന്റെ പരിസരപ്രദേശങ്ങളിൽ പോലീസ് വ്യാപക തെരച്ചിൽ നടത്തുന്നുണ്ട്.

✪✪✪

വർക്കലയിൽ ട്രെയിനിൽ ആക്രമണത്തിനിരയായ 19 വയസ്സുകാരി ശ്രീക്കുട്ടിയുടെ ആരോഗ്യനില അതീവ ഗുരുതരമായി തുടരുന്നു. തലയ്ക്കും നട്ടെല്ലിനും ഗുരുതരമായി പരിക്കേറ്റ ശ്രീക്കുട്ടി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്.

✪✪✪

കോട്ടയം വൈക്കത്ത് ട്രാവലറും ബൈക്കും കൂട്ടിയിടിച്ച് കോളജ് വിദ്യാർത്ഥി മരിച്ചു. പൂത്തോട്ട സ്വാമി ശാശ്വതികാനന്ദ കോളജിലെ BSc വിദ്യാർത്ഥി മുഹമ്മദ് ഇർഫാനാണ് മരിച്ചത്. ഇന്ന് രാവിലെയായിരുന്നു അപകടം.

✪✪✪

പത്തനംതിട്ട നിലയ്ക്കലിൽ അത്യാധുനിക സംവിധാനങ്ങളോടെ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവൃത്തി മന്ത്രി വീണാ ജോർജ് ഉച്ചക്ക് ഉദ്ഘാടനം ചെയ്യും. നിലയ്ക്കലിൽ ദേവസ്വം ബോർഡ് അനുവദിച്ച ഭൂമിയിലാണ് ആശുപത്രി നിർമ്മിക്കുന്നത്. 6 കോടി 12 ലക്ഷം കോടി രൂപ ചെലവഴിച്ചാണ് സ്പെഷ്യാലിറ്റി ആശുപത്രി സജ്ജമാക്കുന്നത്.

✪✪✪

---

*News Editor വി കെ സുരേഷ്*
*News Reader സയ്യിദ് അലി ശിഹാബ്*
*NRTs: പ്രവീൺ*
*DEO: ഷീബ*